Malappuram District Police

## 25/11/2017 വളാഞ്ചേരി

എടയൂരിൽ മീസിൽസ് - റുബെല്ല വാക്സിന് പ്രതിരോധ കുത്തിവയ്പ് നൽകാനെത്തിയ മെഡിക്കല് ഓഫീസർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെ മർദിച്ച കേസില് മൂന്നുപേർ അറസ്റ്റിൽ. സഹോദരങ്ങളായ എടയൂർ അത്തിപ്പറ്റ പറങ്ങാട്ട് പറമ്പില് സഫ്വാന് (26), മുബഷിർ (23), അത്തിപ്പറ്റ ചോലക്കാട്ടിൽ ഫൈസല് (24) എന്നിവരെയാണ് വളാഞ്ചേരി എസ്ഐ ബഷീർ സി ചിറക്കലിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. ഇവരെ തിരൂർ കോടതിയില് ഹാജരാക്കി.

ആറുപേർ ഒളിവിലാണ്. ഇവർക്കായി മറ്റ് ജില്ലകളിലേക്കും അന്വേഷണം വ്യാപിപ്പിച്ചതായി പൊലീസ് അറിയിച്ചു. സർക്കാര് ഉദ്യോഗസ്ഥരുടെ കൃത്യനിർവഹണം തടസ്സപ്പെടുത്തല്, കൈയേറ്റം ചെയ്യല്, ഡ്യൂട്ടിക്കിടെ നേഴ്സിനെ കൈയേറ്റം ചെയ്യൽ, ഫോണ് തട്ടിപ്പറിക്കല്, സംഘടിച്ചെത്തി സർക്കാര് ഉദ്യമത്തെ തകർക്കല്, ഡോക്ടർമാരുടെ ഡ്യൂട്ടിക്ക് തടസ്സം നിൽക്കല് തുടങ്ങിയ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് കേസ്.